**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **02.03.2020 ൽ**

**നിയമസഭാ ചോദ്യം നമ്പർ : *1** **മറുപടിക്ക്**

**<u>സി & എ. ജി. റിപ്പോർട്ടിന്മേൽ നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എം.സി.കമറുദ്ദീൻ<br>ശ്രീ. സി. മമ്മൂട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) തിരുവനന്തപുരം ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നും 5.56 എം.എം. ഇൻസാസ് വിഭാഗത്തിലെ 25 റൈഫിളുകളും 12061 വെടിയുണ്ടകളും കാണാതായതായി സി & എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; | എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാർഡ്രിജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും, "2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തേ കുറവു വന്ന വിവരം മൂടി വയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്. |
| ബി) രാജ്യസുരക്ഷയെ ഗുരുതരമായി ബാധിക്കുന്ന ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | ബി) ഇത് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തി വരുന്നു.<br><br>17.02.2020 ൽ അന്വേഷണ സംഘം എസ്.എ.പി ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS |

റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടു പോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല. വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമമായി തുടർന്നു വരുന്നു. കേസിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

സി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

സി) Drill Catridge കൾ കാണാനില്ലാത്തതിനു പകരം 9 mm drill catridge ആണെന്ന വ്യാജേന ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നതിന് ഉത്തരവാദിയായ കേസിലെ 9-ാം പ്രതിയും 7/2013 മുതൽ 1/2015 വരെയുള്ള കാലയളവിൽ എസ്.എ.പി. ബറ്റാലിയൻ Quarter Master Havildar ആയിരുന്ന ഉദ്യോഗസ്ഥനെ (ഇപ്പോൾ APSI) 2020 ഫെബ്രുവരി 26 ന് ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥനുൾപ്പെടെയുള്ള 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നു വരികയാണ്.

സെക്ഷൻ ഓഫീസർ